**പ്രസിദ്ധീകരണത്തിന്**

സുപ്രീംകോടതിവിധിയുടെ മറവിൽ നവോത്ഥാനത്തിന്റെ പേരുപറഞ്ഞ് ശബരിമലയിലെ യുവതീപ്രവേശനത്തിലൂടെ ആചാരാനുഷ്ഠാനങ്ങൾ ഇല്ലാതാക്കി നിരീശ്വരവാദം നടപ്പാക്കാനുള്ള ആസൂത്രിതനീക്കമാണ് സർക്കാരിന്റെ ഭാഗത്തുനിന്നും നടന്നുവരുന്നത്.

ജനങ്ങൾ നല്കിയ അധികാരം കയ്യിൽവച്ചുകൊണ്ട് ഏതു ഹീനമാർഗ്ഗവും ഉപയോഗിച്ച് പാർട്ടിയുടെ നയം നടപ്പാക്കുക എന്നതാണ് ഇതിന്റെ പിന്നിലെ ലക്ഷ്യമെന്ന് സംശയിക്കുന്നതിൽ തെറ്റുപറയാനാവില്ല.

ഇതിന്റെ പേരിൽ നടക്കുന്ന കലാപങ്ങൾക്കെല്ലാം കാരണക്കാർ സംസ്ഥാന സർക്കാരാണ് എന്നാണ് ജനം വിലയിരുത്തുന്നത്. ആദ്യം മുതൽക്കുതന്നെ സമാധാനപരമായി പരിഹരിക്കാവുന്ന ഈ പ്രശ്നം ഇത്രയും സങ്കീർണ്ണമാക്കിയതും സർക്കാരാണ്.

അനാവശ്യമായ നിരോധനാജ്ഞ നടപ്പാക്കുക, നിരപരാധികളായ ഭക്തജനങ്ങളെ കേസിൽ കുടുക്കി ജയിലടയ്ക്കുക, നാട്ടിൽ മുഴുവൻ അരാജകത്വം സൃഷ്ടിക്കുക, എന്തു കള്ളവും മാറിമാറിപ്പറഞ്ഞ് തങ്ങളുടെ ലക്ഷ്യം സാധൂകരിക്കാൻ ശ്രമിക്കുക, ഹൈന്ദവആചാര്യന്മാരെ നികൃഷ്ടമായി അധിക്ഷേപിക്കുക, വിശ്വാസികളെ വെല്ലുവിളിക്കുകയും പരിഹസിക്കുകയും ചെയ്യുക ഇതെല്ലാമല്ലേ സർക്കാർ ഇവിടെ നടത്തുന്നത്? ഇത് ഒരു ജനാധിപത്യഗവണ്മെന്റിന് യോജിച്ചതാണോ?

ശബരിമലയിലെ നിലവിലുള്ള ആചാരാനുഷ്ഠാനങ്ങൾ സംരക്ഷിച്ച് ഈശ്വരവിശ്വാസം നിലനിർത്തേണ്ടത് ബഹുഭൂരിപക്ഷം വരുന്ന വിശ്വാസികളുടെ ആവശ്യമാണ്. അത് സംരക്ഷിക്കേണ്ട ബാദ്ധ്യത സർക്കാരിനുമുണ്ട്. സർക്കാർ അത് ചെയ്തില്ലെങ്കിൽ, അത് സംരക്ഷിക്കാനായി വിശ്വാസികൾ രംഗത്തുവരുന്നതിൽ തെറ്റുപറയാനാവുമോ? അതിന് രാഷ്ട്രീയനിറം കൊടുത്ത് സർക്കാർ പ്രതിരോധിക്കാൻ ശ്രമിക്കുന്നത് ശരിയല്ല.

ഏതു മതവിഭാഗത്തിന്റെയായാലും വിശ്വാസം സംരക്ഷിക്കപ്പെടേണ്ടത് മനുഷ്യരാശിയുടെ നിലനില്പിന്റെ ആവശ്യമാണ്. ശബരിമലവിഷയവും എല്ലാ മത-സാമുദായികവിഭാഗങ്ങളുമായി ബന്ധപ്പെട്ടുള്ളതാണ്. അവിടുത്തെ വിശ്വാസം തകർക്കാൻ ആരെയും അനുവദിക്കാൻ പാടില്ല. എല്ലാ മതവിശ്വാസികളും ബന്ധപ്പെട്ട സംഘടനകളും വിശ്വാസലംഘനത്തിനെതിരെ സമാധാനപരമായി പ്രതികരിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു.

പെരുന്ന
6.1.2019

ജി. സുകുമാരൻനായർ
ജനറൽ സെക്രട്ടറി
നായർ സർവീസ് സൊസൈറ്റി